വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട പരാതികൾ

78 (1548) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട എത്ര പരാതികളിൻമേൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൃഷി വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി നിയമനം നൽകിയതിൽ ക്രമക്കേടുണ്ടെന്ന് കാണിച്ച് വിജിലൻസ് അന്വേഷണത്തിന് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1437 പരാതികളിന്മേൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ബി) എൻ. കെ. പൗലോസ്, നിരപ്പിൽ പുത്തൻപുരയിൽ, പഴയത്തൂർ പി.ഒ., തൃശ്ശൂർ എന്നയാൾ തന്റെ മകന് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് അർഹമായ പ്രൊമോഷൻ നൽകിയില്ല എന്ന് കാണിച്ച് ഒരു പരാതി 17-1-2010-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നൽകിയിട്ടുണ്ട്. പ്രസ്തുത പരാതി അനന്തര നടപടിയെടുക്കുന്നതിന് കൃഷി വകുപ്പ് സെക്രട്ടറിക്ക് അയച്ച് കൊടുത്തിട്ടുണ്ട്.

അഴിമതി, കൈക്കൂലി എന്നിവ വർദ്ധിച്ചുവരുന്നത് തടയുന്നതിനുള്ള സംവിധാനം

79 (1549) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി, കൈക്കൂലി എന്നീ വിപത്തുകൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അതിന്റെ അടിസ്ഥാനകാരണങ്ങളെക്കുറിച്ചും അത് ഫലപ്രദമായി തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കാലാനുസൃതമായ പഠനം നടത്തുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ഇന്ന് നിലവിലുള്ള അഴിമതി നിയന്ത്രണസംവിധാനം പൂർണ്ണമായും പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഇന്നത്തെ വിജിലൻസ് സംവിധാനം അഴിമതിക്കാരെ സംരക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അഴിമതിക്കും കൈക്കൂലിക്കും ആധാരമായ കാരണങ്ങളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും പഠനം നടത്തി അവ തടയുന്നതിന് കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അഴിമതി, കൈക്കൂലി എന്നിവയുമായി ബന്ധപ്പെട്ട് 2009-ൽ 197 വിജിലൻസ് കേസ്സുകളും 2010-ൽ 182 വിജിലൻസ് കേസ്സുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ നിന്ന് അഴിമതി, കൈക്കൂലി ഇവ വർദ്ധിച്ചുവരുന്ന സാഹചര്യം നിലവിൽ ഇല്ല എന്നാണ് വിലയിരുത്തുന്നത്.

(സി) ഇന്ന് നിലവിലുള്ള അഴിമതി നിയന്ത്രണ സംവിധാനം പൂർണ്ണമായും പര്യാപ്തമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ഹെഡ് ക്വാർട്ടേഴ്സിനു കീഴിൽ ഓരോ പോലീസ് സൂപ്രണ്ടിന്റെ നിയന്ത്രണത്തിൽ നാല് മേഖലാ ഓഫീസുകളും അമിത സ്വത്ത് സമ്പാദനം അന്വേഷിക്കുന്നതിനായി 3 പോലീസ് സൂപ്രണ്ടുമാരുടെകീഴിൽ പ്രത്യേക അന്വേഷണ സെല്ലുകളും ഉണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായുള്ള അന്വേഷണങ്ങൾ നടത്തേണ്ടിവരുമ്പോൾ സംസ്ഥാനം മുഴുവൻ അധികാര പരിധിയുള്ള രണ്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകൾ പോലീസ് സൂപ്രണ്ടുമാരുടെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഇതിനുപുറമേ എല്ലാ ജില്ലകളിലും ഓരോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കീഴിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളും പ്രവർത്തിക്കുന്നു. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പോലീസ് സൂപ്രണ്ടിന്റെകീഴിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്- II എന്ന ഓഫീസ് അനുവദിക്കുകയും കൂടാതെ 30 പോലീസ് സബ്ബ് ഇൻസ്പെക്ടറുടെ തസ്തികകൾ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ തസ്തികകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ പൂർണ്ണമായും പര്യാപ്തമാണ്.

വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അഴിമതി ആരോപണങ്ങൾ

80 (1550) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരെ അഴിമതിയാരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ആരോപണം ഉണ്ടായിട്ടുണ്ടെന്നും അവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly